പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 543 — 13-10-2026-ൽ മറുപടിയ്ക്ക്

**<u>പള്ളുരുത്തി ഇലക്ട്രിക്കൽ സെക്ഷൻ വിഭജനവും മട്ടാഞ്ചേരിയിലെ വൈദ്യുതീകരണ പദ്ധതികളും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** — **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് ഷിയാസ് — ശ്രീ. സണ്ണി ജോസഫ് (വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** പള്ളുരുത്തി ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് ഇടക്കൊച്ചി ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരിക്കുന്നതിന് ഒൻപത് വർഷം മുമ്പ് സംസ്ഥാന വൈദ്യുതി ബോർഡ് ഉത്തരവിറക്കിയിരുന്നുവെങ്കിലും നാളിതുവരെ അത് നടപ്പിലായിട്ടില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നടപ്പിലാക്കുന്നതിനുള്ള തീരുമാനം ഉടൻ ഉണ്ടാകുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പള്ളുരുത്തി, തോപ്പുംപടി ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് ഇടക്കൊച്ചി ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരിക്കുന്നതിന് 24.02.2016-ൽ ഉത്തരവായിട്ടുള്ളതാണ് . എന്നാൽ, പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നതനുസരിച്ച് വാടക രഹിതമായി ലഭ്യമാകുന്ന കെട്ടിടമോ, കെട്ടിടം നിർമ്മിക്കുന്നതിനായി സൗജന്യമായി ലഭ്യമാകുന്ന ഭൂമിയോ കണ്ടെത്താൻ സാധിക്കാതിരുന്നതിനാൽ പുതിയ സെക്ഷൻ ഓഫീസ് പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിരുന്നില്ല. അന്ന് ബന്ധപ്പെട്ട എം.എൽ.എ-യുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ, കൊച്ചി കോർപ്പറേഷൻ മേയർ, കച്ചേരിപ്പടി ഫിഷ് മാർക്കറ്റിന്റെ മുകളിലത്തെ നിലയിൽ വാടക രഹിതമായി കെട്ടിടം അനുവദിക്കുന്നതിനുള്ള സന്നദ്ധത അറിയിച്ചിരുന്നുവെങ്കിലും തുടർനടപടികൾ കോർപ്പറേഷൻ സ്വീകരിക്കാ തിരുന്നതിനാൽ സെക്ഷൻ ഓഫീസ് തുടങ്ങാൻ സാധിച്ചിരുന്നില്ല. പുതിയ സെക്ഷൻ ഓഫീസിനായി 2019-ൽ ഫീൽഡ് സ്റ്റാഫിനെ നിയമിച്ചിരുന്ന വെങ്കിലും, സെക്ഷൻ പ്രവർത്തനം ആരംഭിക്കാത്തതിനാൽ ഇവരുടെ സേവനം നിലവിൽ പള്ളുരുത്തി ഇലക്ട്രിക്കൽ സെക്ഷനിൽ വിനിയോഗിച്ചു വരികയാണ്. ഇപ്പോൾ കൊച്ചി കോർപ്പറേഷൻ ഫിഷ് മാർക്കറ്റ് കെട്ടിടത്തിന്റെ മുകളിലത്തെ നില ഇടക്കൊച്ചി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനായി വാടക രഹിതമായി അനുവദിക്കുന്നതിന് കോർപ്പറേഷൻ അധികൃതർ സമ്മതിച്ചിട്ടുള്ളതാണ്. കൂടാതെ, നിലവിൽ പ്രതിമാസം 28,200/- രൂപ വാടക നൽകി പ്രവർത്തിക്കുന്ന പള്ളുരുത്തി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനായി, പ്രതിമാസം 10,000/- രൂപ വാടകയ്ക്ക് കെട്ടിട സൗകര്യം നൽകുന്നതിനും കോർപ്പറേഷൻ അധികൃതർ സന്നദ്ധത അറിയിച്ചിട്ടുണ്ട്.

ഇതോടെ, 2016-ൽ അനുവദിച്ച ഇടക്കൊച്ചി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള വാടക രഹിത കെട്ടിടം ലഭ്യമാക്കണമെന്ന വ്യവസ്ഥ ഇപ്പോൾ പാലിക്കപ്പെട്ടിരിക്കുന്നതാണ്. വിഷയം കെ.എസ്.ഇ.ബി.ന്റെ ഡയറക്ടർ ബോർഡ് തലത്തിൽ പരിഗണിച്ച് സത്വര തീരുമാനം എടുക്കുന്നതാണ് .

**(ബി)** മട്ടാഞ്ചേരിയിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനായി പ്രസരണ മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവ എപ്പോൾ പൂർത്തീകരിക്കുമെന്നും വിശദീകരിക്കാമോ;

**മറുപടി:** മട്ടാഞ്ചേരിയിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനായി പ്രസരണ മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **പ്രവൃത്തിയുടെ പേര്** | **പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്ന സാമ്പത്തിക വർഷം** |
|---|---|---|
| 1 | മട്ടാഞ്ചേരി 110 കെ.വി. സബ്സ്റ്റേഷനിൽ 10 എം.വി.എ.ട്രാൻസ്ഫോർമർ - 20 എം.വി.എ. ആക്കി ശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തി | 2028-29 |
| 2 | ട്രാൻസ്ഗ്രിഡ് ഡൗൺസ്ട്രീം വർക്കിന്റെ ഭാഗമായി മട്ടാഞ്ചേരി 110 കെ.വി. സബ്സ്റ്റേഷനിലേക്ക് ഇറവൂർ സബ്സ്റ്റേഷനിൽ നിന്നുള്ള കണക്ടിവിറ്റി | 2031-32 |
| 3 | ഫോർട്ട് കൊച്ചി സബ്സ്റ്റേഷൻ 66 കെ.വി. യിൽ നിന്നും 110 കെ.വി. ആയി ശേഷി വർദ്ധിപ്പിക്കുന്ന ജോലികൾ | 2031-32 |
| 4 | മട്ടാഞ്ചേരി, വില്ലിംഗ്ടൺ സബ്സ്റ്റേഷനുകളുടെ ഇൻറർ ലിങ്കിഗ് വർക്ക് | 2033-34 |

**(സി)** മട്ടാഞ്ചേരിയിൽ എവിടെയെങ്കിലും പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

**മറുപടി:** പള്ളുരുത്തിയിൽ പുതിയ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി ഉദ്ദേശിക്കുന്നു.

**സെക്ഷൻ ഓഫീസർ**